# സെന്റ്. ജോർജ്ജ് യു.പി സ്കൂൾ
# പൂയംകുട്ടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-26

# ഉള്ളടക്കം


- ❖ ആമുഖം
- ❖ ലക്ഷ്യങ്ങൾ
- ❖ വിദ്യാലയത്തിന്റെ ചരിത്രം
- ❖ വിദ്യാലയം മികവിന്റെ കേന്ദ്രം
- ❖ പദ്ധതി രൂപീകരണ പ്രക്രിയ – വിവിധഘട്ടങ്ങൾ
- ❖ നിലവിലെ അവസ്ഥാ വിശകലനം
- ❖ മികവിനായി ഏറ്റെടുക്കേ     പ്രവർത്തനങ്ങൾ
- ❖ പദ്ധതി വിശദാംശങ്ങൾ
- ❖ ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : സെന്റ്. ജോർജ്ജ് യു.പി സ്കൂൾ പൂയംകുട്ടി
- വിലാസം : പൂയംകുട്ടി പി.ഒ, 686681 , കോതമംഗലം എറണാകുളം ജില്ല
- ഫോൺ : 04852585224
- സ്കൂൾ കോഡ് : 27324
- വിദ്യാഭ്യാസ ഉപജില്ല : കോതമംഗലം
- വിദ്യാഭ്യാസ ജില്ല : കോതമംഗലം
- റവന്യു ജില്ല : എറണാകുളം
- ബി. ആർ. സി : കോതമംഗലം
- സി . ആർ. സി : തട്ടേക്കാട്
- ഗ്രാമ പഞ്ചായത്ത് : കുട്ടമ്പുഴ
- ബ്ലോക്ക് പഞ്ചായത്ത് : കോതമംഗലം
- ജില്ലാ പഞ്ചായത്ത് : എറണാകുളം
- നിയമസഭാ മണ്ഡലം : കോതമംഗലം
- ലോകസഭാ മണ്ഡലം : ഇടുക്കി
- താലൂക്ക് : കോതമംഗലം
- വില്ലേജ് : കുട്ടമ്പുഴ
- ഇ- മെയിൽ : pooyamkuttysgups@gmail.com

## ആമുഖം

2025 മെയ് മാസത്തിൽ സ്കൂൾ എസ്. ആർ. ജി കൂടി രൂപം കൊടുത്ത പൂയം കുട്ടി സെന്റ്. ജോർജ്ജ് യു.പി സ്കൂളിന്റെ 2025-26 കാലയളവിലേക്കുള്ള അക്കാദമിക്ക് മാസ്റ്റർപ്ലാന്റെ സംക്ഷിപ്ത രൂപം.

## വിദ്യാലയത്തിന്റെ സ്ഥാനം

എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ കുട്ടമ്പുഴ പഞ്ചായത്ത് VIII -ാം വാർഡിൽ നയനമനോഹരമായ മലനിരകൾക്കും പെരിയാറിന്റെ പോഷക നദിയായ പൂയം കുട്ടിയാറിനും സമീപത്ത് പഴയ ആലുവ - മൂന്നാർ റോഡിന്റെ ഓരം ചേർന്ന് സെന്റ്. ജോർജ്ജിന്റെ നാമത്തിലുള്ള ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു. വെള്ളിക്കൊലുസിട്ട പാറ ക്കെട്ടുകളും മാനം പുൽകിനിൽക്കുന്ന വൻമരങ്ങളും ജൈവ വൈവിധ്യത്തിന്റെ കലവറ യായ നിത്യ ഹരിത വനങ്ങളും കൊ ് പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിരിക്കുന്ന പ്രദേശമാണി വടം . സമീപ നഗരമായ കോതമംഗലത്തു നിന്നും 25 കി.മി കിഴക്കുമാറിയാണ് ഈ ഗ്രാമം.

## ലക്ഷ്യങ്ങൾ

- മതനിരപേക്ഷമായ ജനാതിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷ ത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവ രുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- എൽ. കെ .ജി മുതൽ 7 -ാം ക്ലാസ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷ യാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേ ശേഷികൾക്ക് ഊന്നൽ നൽകിക്കൊ ുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാ ക്കാനുതകുന്ന പ്രവർത്തന കല റും രൂപപ്പെടുത്തൽ.
- അദ്ധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരി ക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ചരിത്രം

നാമമാത്ര കർഷകരും കർഷകതൊഴിലാളികളും കുടിയേറ്റക്കാരും അധിവസിച്ചിരുന്ന അവികസിത പ്രദേശമായിരുന്ന പൂയംകുട്ടിയുടെ വിദ്യഭ്യാസ

ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കോതമംഗലം വിദ്യഭ്യാസ ഏജൻസിയുടെ കീഴിൽ 1966 ജൂൺ 1-ാം തിയതി ഒരു ലോവർ പ്രൈമറി സ്കൂളായി ഈ സ്ഥാപനം ആരംഭിച്ചു. അരംഭത്തിൽ 1-ാം ക്ലാസ് മാത്രമു ായിരുന്ന വിദ്യാലയം പടിപടിയായി വളർന്ന് 1983 ൽ യു.പി സ്കൂളായി ഉയർത്തപ്പെട്ടു. വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ഈ പ്രദേശത്തിന്റെ പ്രാഥമിക വിദ്യഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഈ വിദ്യാലയം വഹിച്ച പങ്ക് നിസ്തുലമാണ്. ലോകത്തിന്റെ നാനാകോണുകളിലായ് ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ പ്രതിഭകൾക്ക് അറിവിന്റെ ആദ്യ പാഠങ്ങൾ പകർന്നുകൊടുക്കുവാൻ കഴിഞ്ഞുവെന്നത് സുവർണ്ണ ജൂബിലി പിന്നിട്ട ഈ വിദ്യാലയത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

## അവസ്ഥാവിശകലനം

| ക്ലാസ് | ആകെ എണ്ണം | | | പട്ടിക ജാതി | | | പട്ടിക വർഗ്ഗം | | |
|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T |
| 1 | 10 | 6 | 16 | 1 | 0 | 1 | 8 | 5 | 13 |
| 2 | 3 | 4 | 7 | 0 | 0 | 0 | 2 | 0 | 2 |
| 3 | 6 | 0 | 6 | 0 | 0 | 0 | 2 | 0 | 2 |
| 4 | 3 | 4 | 7 | 0 | 1 | 1 | 2 | 2 | 4 |
| 5 | 6 | 3 | 9 | 0 | 0 | 0 | 2 | 1 | 3 |
| 6 | 3 | 2 | 5 | 0 | 0 | 0 | 0 | 0 | 0 |
| 7 | 1 | 4 | 5 | 1 | 0 | 1 | 0 | 2 | 2 |
| Total | 32 | 23 | 55 | 2 | 1 | 3 | 16 | 10 | 26 |

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- വ്യത്യസ്ഥമായ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലമുള്ള ശാരീരികവും മാനസികവും ബൗദ്ധികവുമായി വ്യത്യസ്ഥ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയം വരിക്കാനും കഴിയുമെന്ന് ഉറപ്പുവരുത്തുക.
- പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- മാനുഷിക മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുവാനും വരും തലമുറയ്ക്കു കൈമാറേ താണ് ഈ ഭൂമി എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് കുട്ടിയെ സജ്ജരാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

- എസ് .ആർ.ജി യോഗത്തിൽ സ്കൂൾ കാഴ്ചപ്പാട് അവതരണം – ചർച്ച
- വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതീകം – അക്കാദമികം – സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG, PTA, CPTA എന്നിവയിൽ അവതരിപ്പിക്കുക.
- പി.ടി.എ യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ വിശകലനം

- **എ. ഭൗതീക നേട്ടങ്ങൾ**

  2016–17 വർഷത്തിൽ MLA ഫ ് ഉപയോഗപ്പെടുത്തി കുട്ടികൾക്കായി ശൗചാലയം പണികഴിച്ചു.
- 2023 - 24 വർഷത്തിൽ MLA ഫ ് ഉപയോഗപ്പെടുത്തി ആധുനീക വത്ക്കരിക്കരിച്ച പാചക പുര നിർമ്മിച്ചു.

ബി. **ഭൗതീക പരിമിതികൾ**

- ഓഫീസ് ,സ്റ്റാഫ് റൂം ലാബ് ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ ഇല്ല.
- ക്ലാസ് മുറികൾക്ക് വിഭജന മറ ഇല്ല.
- ഉയർന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തത് അപകട സാധ്യത ഉളവാക്കുന്നു.
- ഭോജനശാല ഇല്ല
- ആകർഷകമായ പൂന്തോട്ടം ,ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കുന്നതിന് സ്ഥല പരിമിതി ഉ ്.
- വിശാലമായ കളിസ്ഥലം ഇല്ല.
- മാലിന്യസംസ്കരണത്തിന് ആവശ്യമായ സൗകര്യം ഇല്ല.
- ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത, ദുർഘടമായ വനമേഖലയിൽ നിന്നുള്ള കുട്ടികൾക്ക് വെല്ലുവിളിയാണ്.

## സി. അക്കാദമികം – നേട്ടങ്ങൾ

- ഓരോ ക്ലാസിലും നേടേ      ശേഷികൾ , മൂല്യങ്ങൾ ,മനോഭാവങ്ങൾ എന്നിവ മികവാർന്ന രീതിയിൽ നേടുക.
- ക്ളാസ് ലൈബ്രറി – വായനാ ശീലം പരിപോഷിപ്പിക്കുന്നു
- ക്ലാസ് മാഗസിൻ ( ദിനാചരണത്തിന്റെ ഭാഗമായി) നിർമ്മിക്കുന്നു.

## ഡി. അക്കാദമികം – പരിമിതികൾ

- സ്കൂൾ വാഹനം ഇല്ലാത്തതിനാൽ ആദിവാസി കുടികളിലുള്ള  കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്തത് അവരുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.
- വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിൽ നിന്നുള്ള കുട്ടികൾ ആയതിനാൽ  പഠനകാര്യത്തിൽ പിന്നോക്കാവസ്ഥ കാണപ്പെടുന്നു.
- കലാകായിക പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

## മികവിനായി ഏറ്റെടുക്കേ      പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹീകം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ, ഗേറ്റ് | എസ്.എം.സി |
| ഗണിത ശേഷി വികസനം | കളിസ്ഥലം | |
| ഇംഗ്ലീഷ് പഠന പരിപോഷണം | ചിൽഡ്രൻസ് പാർക്ക് | വിദ്യാലയ വികസന സമിതി |
| വായനാ  പരിപോഷണം | ക്ലാസ് മുറികൾ | |
| ലൈബ്രറി ശാക്തീകരണം | ഓഫീസ് മുറി | |
| ജൈവവൈവിധ്യ പാർക്ക് | സ്റ്റാഫ് മുറി | |
| സാഹിത്യ പോഷണ പരിപാടികൾ | മൾട്ടീമീഡിയ റൂം | |
| പഠന യാത്രകൾ | ലൈബ്രറി | |
| കലാ-കായിക മേളകൾ | അടുക്കള | |
| ഐ ടി പരിശീലനം | ഡൈനിംങ് ഹാൾ | |
| അധ്യാപക ശാക്തീകരണ | മാലിന്യ സംസ്കരണം | |

| | | |
|---|---|---|
| പരിപാടികൾ | | |
| ക്ലാസ് പി.ടി.എ സജീവമാക്കൽ | ഭാഷോത്സവം | |
| എസ്.ആർ.ജി ശാക്തീകരണം | | |
| പച്ചക്കറിത്തോട്ടം | | |
| പോഷകാഹാര പരിപാടി | | |
| ദിനാചരണം | | |
| കായിക പഠനം | | |
| ഗവേഷണാത്മക പ്രവർത്തനങ്ങൾ | | |

## പദ്ധതി വിശദാംശങ്ങൾ (മലയാളം)

വായനയിലൂടെ എല്ലാ കുട്ടികളെയും അറിവിന്റെ ലോകത്തേക്ക് നയിക്കുക എന്ന ലക്ഷ്യം മുന്നിൽ ക ് ,1 -ാം ക്ലാസ് മുതൽ 7- ാം ക്ലാസ് വരെ കുട്ടികൾക്കായിട്ടാണ് ഈ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നത്. അക്ഷരങ്ങളിൽ നിന്ന് തുടങ്ങി വലിയ വാചകങ്ങൾ വരെ കൃത്യമായും വ്യക്തമായും വായിക്കാനും എഴുതാനും കുട്ടികൾക്കു കഴിയണം. ക്ലാസ്സിലെ പിന്നോക്കരെ മുൻനിരയിലേക്ക് കൊ ുവരണം.

### ലക്ഷ്യങ്ങൾ

- ❖ എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക.
- ❖ എല്ലാ കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക.
- ❖ സ്വന്തം വാചകത്തിൽ ആശയങ്ങൾ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ❖ അമ്മ ലൈബ്രറി
- ❖ ക്ലാസ് ലൈബ്രറി
- ❖ ദിനാചരണവുമായി ബന്ധപ്പെട്ടു വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ ക ത്തുക.

| നമ്പർ | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഉപകരണം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ മനസ്സിലാക്കൽ<br>• വരികൾക്കിടയിലുള്ള അടയാളങ്ങൾ തിരിച്ചറിയൽ<br>• അക്ഷരങ്ങൾ കൂട്ടി ചെറിയ വാക്കുകൾ നിർമ്മിക്കുക<br>• അക്ഷരകാർഡ് നൽകി വാക്കുകൾ രൂപീകരിക്കുന്നു.<br>• നൽകുന്ന വാക്കുകൾ പാഠ പുസ്തകത്തിൽ നിന്ന് കണ്ടെത്തുന്നു. | 2 മാസം | അക്ഷരകാർഡുകൾ | **BRC**<br>**എസ്.ആർ.ജി**<br>**പി.ടി.എ** |
| 2 | **കുട്ടികളെ മികച്ച വായനക്കാരാക്കുക** | • അക്ഷരങ്ങളുടെ കൂടെ ചിഹ്നങ്ങൾ ചേർത്ത് വായിക്കുന്നു.<br>• കഥാപുസ്തകങ്ങൾ വായിക്കുന്നു.<br>• കഥയുടെ ആശയം പങ്കുവയ്ക്കുന്നു.<br>• വായനാ മത്സരങ്ങൾ<br>• വായനാ കാർഡ്<br>• വാർത്താ വായന | | ലൈബ്രറി പുസ്തകങ്ങൾ | |
| 3 | കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക. | • വായനാ കുറിപ്പ് തയ്യാറാക്കുന്നു.<br>• വായിച്ചു മനസ്സിലാക്കായവ മറ്റ് വ്യവഹാര രൂപങ്ങളിൽ എഴുതുന്നു.<br>• കുട്ടികഥകൾ കവിതകൾ എന്നിവ ഉണ്ടാക്കുന്നു. | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| 4 | ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | • പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവം പങ്കുവയ്ക്കൽ. | വർഷത്തിൽ ര ് പ്രാവശ്യം | | |
| 5. | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ | • ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ക ത്തൽ . | | | **പൂർവ്വ വിദ്യാർത്ഥികൾ** |
| 6. | വിവിധ ശേഷികളുടെ വികസനം | • ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ സ്കൂൾ അസംബ്ളിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആവശ്യാനുസരണം | | **Teacher** |
| 7. | കളികളിലൂടെയുള്ള പഠനം | • വിവിധ ഭാഷാകളികൾ അന്ത്യാക്ഷരി, കഥ പറയൽ, കുട്ടിപ്പാട്ടുകൾ<br>വരികൾ കൂട്ടിചേർക്കൽ ,<br>പദനിർമ്മാണം, ,ആശംസാകാർഡ് , നാടകം, | | | **പി.ടി.എ**<br>**എസ്. ആർ.ജി** |

## പദ്ധതി വിശദാംശങ്ങൾ (ഗണിതം)

2025 – 26 അധ്യയന വർഷത്തിൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തികരിക്കുന്നതിന് വേ ി രക്ഷിതാക്കളുടെ സജീവ പിന്തുണയോടെ രൂപീകരിച്ചിരിക്കുന്ന ഈ കർമ്മപദ്ധതി കുട്ടികളിലെ പഠനവിടവുകളെ നികത്തുന്നതിന് വേ ുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ഗണിതപഠനം ആസ്വാദ്യവും രസകരവും ആയി മാറ്റുന്നതിനായി ഉല്ലാസ ഗണിതം ,ഗണിത വിജയം എന്നീ പദ്ധതികൾ ഓരോ ക്ലാസ്സിലും നടപ്പിലാക്കുന്നു. പഠനനേട്ടങ്ങൾ നേടുന്നതിനോടൊപ്പം ഗണിതാശയങ്ങൾ കുട്ടികളിൽ ഉറയ്ക്കണം. അതിന് സഹായകമായ പ്രവർത്തനങ്ങളാണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, അടിസ്ഥാന ക്രിയാ ശേഷി എന്നിവ ഉറപ്പിക്കുക.
- മത്സര ബുദ്ധി ഉണർത്തുന്നതും താല്പര്യം ജനിപ്പിക്കുന്നതുമായ കളികൾ, സംഘപ്രവർത്തനങ്ങൾ, എന്നിവയിലൂടെ ഗണിത പഠനം ആയാസകരവും ആകർഷകവുമാക്കുക.
- മൂർത്ത വസ്തുക്കളിലൂടെ ഗണിതപഠനാനുഭവങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളുടെ യുക്തി ചിന്തയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക.
- കുട്ടികളുടെ പഠനവിടവുകളെ നികത്തുന്നതിന് ഉതകുന്ന ശിശുസൗഹൃദ ക്ലാസ്സ് മുറികൾ ഒരുക്കുക.
- ഗണിതാശയങ്ങൾ ഉറപ്പിക്കുവാൻ പസ്സിലുകൾ, പാട്ടുകൾ, പാറ്റേണുകൾ , കുസൃതികണക്കുകൾ ഇവ ഉപയോഗിക്കുക.

### പ്രവർത്തനക്രമം

- എസ്.ആർ.ജി യോഗം
- പ്രീടെസ്റ്റ്
- ക്ലാസ്സ് പി.ടി.എ
- ഗണിതോപകരണങ്ങൾ നിർമ്മാണം ശില്പ്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | • വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കുക. | ആവശ്യാനുസരണം | ഗണിത ക്ലബ് |
| ഗണിതം മധുരം | • ഗണിതത്തിലെ അടിസ്ഥാന ക്രിയകളിൽ നൈപുണി വളർത്തുന്നതിന് കേളികൾ പ്രയോജനപ്പെടുത്തുന്നു (ഉല്ലാസ ഗണിതം ,ഗണിത വിജയം) | ആഴ്ചയിലൊരിക്കൽ | എസ്. ആർ.ജി |
| ആധുനിക സാങ്കേതിക വിദ്യയിലൂടെ | • ജിയോജിബ്രാ ഉപയോഗിച്ച് ജ്യാമിതിയിലെ വിവിധ മേഖലകൾ പരിചപ്പെടുന്നു. | ആഴ്ചയിലൊരിക്കൽ | ഐ.ടി ക്ലബ് |
| സംഖ്യകൾ പരിചയപ്പെടൽ | • ഗണിതക്കിറ്റിൽ(മഞ്ചാടി സഞ്ചി,കണക്ക് പെട്ടി)നൽകിയിരിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ പരിചയപ്പെടൽ | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ് |
| ജ്യാമിതീയ രൂപങ്ങളും അവയുടെ വസ്തുതകളും ആഴത്തിൽ മനസ്സിലാക്കൽ | • ചുറ്റുപാടും നിരീക്ഷിച്ച് ജ്യാമിതീയ രൂപങ്ങൾ തരംതിരിക്കൽ, പട്ടികപ്പെടുത്തൽ, നിർമ്മിക്കൽ<br>• ഒറിഗാമി ശില്പശാല<br>• രസകരമായി ഗണിതപഠനവും നിർമാണപ്രവർത്തനങ്ങളുടെ ആസൂത്രണവും<br>• ഒറിഗാമി, ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ പ്രദർശിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ് എസ്. ആർ.ജി |

| | | | |
|---|---|---|---|
| അനുപാതം | • പാചക പരീക്ഷണത്തിലൂടെ അനുപാതം തിരിച്ചറിയുന്നു.<br>വർഗ്ഗം ,വർഗ്ഗമൂലം എന്നിവ ചിത്രപൂർത്തികരണത്തിലൂടെ മനസ്സിലാക്കുന്നു.<br><br>• സർവ്വേ നടത്തി വിവരശേഖരണം | നവംബർ - മാർച്ച്<br><br>ജനുവരി - മാർച്ച് | എസ്. ആർ.ജി<br><br>എസ്. ആർ.ജി |
| സ്ഥിതിവിവരക്കണക്കുകളിൽ പ്രാവീണ്യം നേടുന്നു.<br><br>പരിഹാരബോധനം | • ഗണിതത്തിലെ അടിസ്ഥാന ക്രിയകളിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകി പരിഹാരബോധനം നടത്തുന്നു. | ആഴ്ചയിലൊരിക്കൽ | |

പദ്ധതി വിശദാംശങ്ങൾ (ഇംഗ്ലീഷ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാകുട്ടികളും ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് നേടുക | ഇംഗ്ലീഷിൽ അസംബ്ളി നടത്തുന്നു.<br>• ന്യൂസ് റീഡിങ്<br>• സന്ദേശം<br>നോട്ടിസ് ബോർഡിൽ ഒരു ദിവസം ഒരു ഇംഗ്ലീഷ് വേർഡ്എഴുതിയിടുന്നു. വൊക്കാബുലറി വർദ്ധിപ്പിക്കുന്നു | ആഴ്ചയിൽ 2 ദിവസം | ക്ളാസ്സ് ടീച്ചർ |
| ഭാവാത്മക വായനാ പരിശീലനം | • വ്യത്യസ്ത തലങ്ങളിലായി വിവിധ വായനക്കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു. | 2 മാസം | ടീച്ചർ |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | വിശേഷ ദിവസങ്ങളിൽ കുട്ടികൾ ആശംസാകാർഡ് നിർമ്മിച്ച് പരസ്പരം കൈമാറുന്നു. | വിശേഷ ദിവസങ്ങളിൽ | ടീച്ചർ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടുന്നു. | ഗ്രാമർ ക്ലാസ്സുകൾ ക്രമീകരിക്കുന്നു<br>Ecube English language lab | പ്രതിവർഷം 15 | ടീച്ചർ |
| കളികളിലൂടെ ഉള്ള ഭാഷാ പഠനം | പദപ്രശ്ന നിർമ്മാണം, ഉത്തരം കെ ത്തൽ , ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ, സംഭാഷണങ്ങൾ | പ്രതിമാസ പിപാടി | ‘‘ |
| ഒഴുക്കോടെ ഇംഗ്ലീഷ് എഴുതുവാൻ ശേഷി നേടുക | ഡയറി, കത്ത് , വിവരണം, നോട്ടീസ്, | പ്രതിമാസ പരിപാടി | |

## പദ്ധതി വിശദാംശങ്ങൾ (ശാസ്ത്രം)

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | ചുറ്റുപാടുമുള്ള ജീവികളെ, അവയുടെ ആവാസ വ്യവസ്ഥകളെ നിരീക്ഷിച്ച് പ്രത്യേകതയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുന്നു | ജൂൺ | ടീച്ചർ |
| ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട മാതൃകകൾ നിർമ്മിച്ച് അവയെക്കുറിച്ച് മനസ്സിലാക്കുന്നു | വിവിധ മാതൃകകളുടെ നിർമ്മാണം<br>കലാരൂപങ്ങളുടെ മുഖമൂടി നിർമ്മാണം<br>ട്രാഫിക് വിളക്ക് നിർമ്മാണം<br>മനുഷ്യ ശരീരത്തിലെ അവയവങ്ങളുടെ മാതൃകാ നിർമ്മാണം | ജൂലൈ-ആഗസ്റ്റ് | ടീച്ചർ |
| കുട്ടികൾ പ്രകൃതിയോട് അടുത്തിണങ്ങി ജീവിക്കുന്നതിനും, അവയെസംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും | ജൈവവൈവിധ്യ പാർക്ക് | ജൂൺ | പരിസ്ഥിതി ക്ലബ് |
| വിവിധ മേഖലകളിലെ നിരീക്ഷണത്തിലൂടെ ശാസ്ത്ര വസ്തുതകളെക്കുറിച്ച് ബോധവാന്മാരാകുന്നു. | നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>• പക്ഷിനിരീക്ഷണം<br>• വേരുപടലങ്ങളെ നിരീക്ഷണം<br>• സിരാവിന്യാസ നിരീക്ഷണം<br>• പയർവിത്തിന്റെ വളർച്ചാഘട്ടങ്ങൾ നിരീക്ഷണം | ഓരോ പാഠത്തോടനുബന്ധിച്ച് | ടീച്ചർ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • പരീക്ഷണക്കളരി<br>• പ്രകൃതി നടത്തം<br>• പരീക്ഷണ കിറ്റ് | Academic year | ടീച്ചർ |

| | | | |
|---|---|---|---|
| | തയ്യാറാക്കൽ | | |
| കളികളിലൂടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക | ജിഗ്സോ പസിൽ<br>• ജീവികളുടെ<br>• കേരളത്തിന്റെ | ഓരോ പാഠത്തോടനുബന്ധിച്ച് | ടീച്ചർ |

## പദ്ധതി വിശദാംശങ്ങൾ (സാമൂഹ്യ ശാസ്ത്രം)

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| ഭൂഖണ്ഡങ്ങളുടെപേര് ,വലുത്/ചെറുത് എന്നിവ തിരിച്ചറിയുക | ഭൂപട വായന | ജൂൺ ,ജൂലൈ | ടീച്ചർ<br>അറ്റ്ലസ്<br>ചാർട്ട്<br>ഗ്ലോബ് |
| കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി തിരിച്ചറിയുക | ഭൂപ്രകൃതിയുടെ പഠനം<br>• മലനാട്, ഇടനാട്, തീരപ്രദേശം ഇവയിലെ കൃഷി, ജില്ല, ഭൂമിശാസ്ത്ര പരമായ സവിശേഷതൾ എന്നിവ തിരിച്ചറിയുക<br>• സ്വന്തം പ്രദേശത്തെ സ്ഥലങ്ങളുടെ പ്രത്യേകത മനസ്സിലാക്കുക<br>• കാർഷിക വിളകൾ മനസ്സിലാക്കുക | ആഗസ്റ്റ്, സെപ്തംബർ | ടീച്ചർ<br>ഭൂപടം<br>ശരട |
| വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം റോഡ് സുരക്ഷാ എന്നിവയെക്കുറിച്ചു വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക . | സൈബർ സുരക്ഷ ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ് എന്നിവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകൾ സം ഘടിപ്പിക്കുന്നു. | Academic year | Teacher |

| | | | |
|---|---|---|---|
| ഭൂപട ചിത്രരചന | ഇന്ത്യാ, കേരളം , ജില്ല എന്നിവ വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തുന്നു. | ജനുവരി | അറ്റ്ലസ് ചാർട്ട് ഭൂപടം |
| ജനാതിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | മോക്ക് പാർലമെന്റ്<br>• പ്രകടന പത്രിക<br>• മീറ്റ് ദി കാൻഡിഡേറ്റ്<br>• ബാലറ്റ് പേപ്പർ -വോട്ടെടുപ്പ്<br>• വോട്ടെണ്ണൽ<br>• പാർലമെന്റ് രൂപീകരണം | വർഷത്തിലൊരിക്കൽ | എസ് ആർ ജി |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | ബുള്ളറ്റിൻ ബോർഡ്<br>• സാമൂഹ്യ ശാസ്ത്ര വാർത്തകൾ<br>• പൊതുവിജ്ഞാന വാർത്തകൾ | ആവശ്യാനുസരണം | എസ് ആർ ജി |

## പദ്ധതി വിശദാംശങ്ങൾ (ഹിന്ദി)

ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക
- ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക പ്രവർത്തനങ്ങളിൽ എർപ്പെടുവാനും കഴിയുക
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങളിൽ എർപ്പെടുക

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | • അക്ഷരകാർഡ്<br>• പദ ചാർട്ട്<br>• പദ വൃക്ഷം | 3 മാസം | ടീച്ചർ |

| | | | |
|---|---|---|---|
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക പ്രവർത്തനങ്ങളിൽ എർപ്പെടുവാനും കഴിയുക | വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പേരുകൾ പട്ടികപ്പെടുത്തുക | 4 മാസം | ടീച്ചർ |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങളിൽ എർപ്പെടുക | പതിപ്പു നിർമ്മാണം നാടകീകരണം ബുള്ളററിൻ പ്രസീദ്ധീകരണം പോസ്റ്റർ നിർമ്മാണം | മാസത്തിൽ 1 വീതം | ഹിന്ദി ക്ലബ് |

പദ്ധതി വിശദാംശങ്ങൾ

- സർഗശേഷി വളർത്തുക
- ശാസ്ത്ര യാത്രകൾ
- ദിനാചരണങ്ങൾ
- മേളകൾ
- സർഗസല്ലാപങ്ങൾ

## ചിത്രരചന കളരി

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടുക | ചിത്രരചനാ പരിശീലനം | ആഴ്ചയിൽ ഒരിക്കൽ | എസ് ആർ ജി |

## ശാസ്ത്ര യാത്രകൾ / വിനോദ യാത്രകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| അിറവ് സമ്പാദിക്കുക , മാനസികോല്ലാസം | അിറവ് നൽകുന്നതും മാനസീകോല്ലാസം നൽകുന്നതുമായ യാത്രകൾ | വർഷത്തിൽ ഒരിക്കൽ | എസ് ആർ ജി |

**ദിനാചരണങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ഓരോ ദിനാചരണവും അതതിന്റെ പ്രാധാന്യത്തോടെ ആചരിക്കുക | ആവശ്യാനുസരണം | എസ് ആർ ജി |

**മേളകൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | സ്കൂൾ ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക | വർഷത്തിൽ ഒരിക്കൽ | എസ് ആർ ജി |

**സർഗസല്ലാപങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല/ സാമഗ്രികൾ |
|---|---|---|---|
| സർഗാത്മക പ്രവർത്തനങ്ങളിൽ എർപ്പെടുക | ക്ലാസ്സ് സർഗവേദികളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക | ആഴ്ചയിൽ ഒരിക്കൽ | എസ് ആർ ജി |

## ഉപസംഹാരം

സമൂഹത്തിന്റെ സക്രിയമായ  പങ്കാളിത്തം എല്ലാ തലങ്ങളിലും ഉറപ്പാക്കിക്കൊ ് എല്ലാ കുട്ടികളെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊ ുവരുവാനും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുന്നോക്ക നിരയിലേക്ക് എത്തിക്കാനും വേ ി എസ്. ആർ. ജി ,സ്കൂൾ വികസന സമിതി എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച അക്കാദമിക മാസ്റ്റർ പ്ലാനിൽ ഹ്രസ്വ, മധ്യ , ദീർഘ കാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടു ്. എല്ലാ കുട്ടികളുടെയും സമഗ്രവും അക്കാദമികവും ആയ വളർച്ചയ്ക്കു  ഈ പ്രവർത്തന മാർഗ രേഖ കൈത്താങ്ങാകട്ടെ.